# ഖുർആൻ ഒരു നിഷ്പക്ഷ വായന

പ്രതികരണം ● എസ്.എം മുഹമ്മദ് കോയ

**ആമിനാ വദൂദിന്റെ ഖുർആൻ ആന്റ് വുമൺ എന്ന കൃതിയെ വിമർശനാത്മകമായി വിലയിരുത്തുന്നു**

**വെർജീനിയ** കോമൺവെൽത്ത് സർവകലാശാലയിൽ ഇസ്‌ലാമിക പഠന വിഭാഗം പ്രഫസറായിരുന്ന ആമിനാ വദൂദ് എഴുതിയ 'Quran and Woman' എന്ന പുസ്തകം 'ഖുർആൻ ഒരു പെൺ വായന' എന്ന ശീർഷകത്തിൽ മലയാളത്തിൽ പ്രസിദ്ധീകരിച്ചിരിക്കുന്നു. ഈ ലേഖകൻ അത് വായിക്കാനിടയായി. പുസ്തകത്തിനു നൽകിയ പേരുതന്നെ വാണിജ്യ താൽപര്യം മുന്നിൽ കണ്ടുകൊണ്ടാണെന്ന് ഒരു സാധാരണ വായനക്കാരൻ തെറ്റിദ്ധരിക്കാൻ ഇടയായാൽ അയാളെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. വിശുദ്ധ ഖുർആൻ ആണുങ്ങൾ വായിച്ചാലും പെണ്ണുങ്ങൾ വായിച്ചാലും അർഥകൽപനയിൽ മാറ്റം സംഭവിക്കുമോ എന്ന അന്വേഷണം ഇവിടെ പ്രസക്തമാണ്. ഇന്നേവരെ വിശുദ്ധ ഖുർആൻ വ്യാഖ്യാനിച്ചവരെല്ലാം തന്നെ ആണുങ്ങളായിരുന്നു. അതുകൊണ്ട് സ്വാഭാവികമായും അവക്കെല്ലാം ഒരാൺ സ്പർശം ഉണ്ടായിപ്പോയി എന്ന് അവർ വിലപിക്കുന്നു. ഈ സാഹചര്യത്തിൽ പെണ്ണൊരുത്തി ഖുർആൻ വ്യാഖ്യാനിച്ചാൽ എങ്ങനെയിരിക്കുമെന്ന് ആണുങ്ങളെ ബോധ്യപ്പെടുത്തുകയെന്ന ലക്ഷ്യം മുൻനിർത്തി നീണ്ട കാലത്തെ ഗവേഷണ പഠനങ്ങൾക്കു ശേഷം എഴുതിയതാണ് പരാമൃഷ്ട ഗ്രന്ഥമെന്ന് അവർ അവകാശപ്പെടുകയും ചെയ്യുന്നുണ്ട്.

ആമിന വദൂദ് അവകാശപ്പെടുന്നതു പോലെ ആണും പെണ്ണും ഖുർആനിക ദൃഷ്ട്യാ എല്ലാ കാര്യങ്ങളിലും തുല്യരാണോ? യഥാർഥത്തിൽ ആണിനെ ആണായും പെണ്ണിനെ പെണ്ണായും കാണുകയല്ലേ വിശുദ്ധ ഖുർആൻ ചെയ്യുന്നത്. അല്ലാഹു ആണിന് പെണ്ണിന്റെ മേൽ ഉൽകൃഷ്ടത നൽകിയിരിക്കുന്നു എന്ന കാര്യം നിഷേധിച്ചിട്ട് കാര്യമില്ല. അതുകൊണ്ട് സ്ത്രീകൾ പിൻനിരയിലേക്ക് തള്ളപ്പെട്ടിരിക്കുന്നു എന്ന് അർഥം കൽപിക്കേണ്ടതുമില്ല. ആണിന്റെയും പെണ്ണിന്റെയും പക്ഷം പിടിക്കാതെ വിഷയത്തെ സമീപിക്കുകയാണ് ഈ കുറിപ്പിൽ.

## മനുഷ്യസൃഷ്ടി ഖുർആനിക വീക്ഷണത്തിൽ

ഭൂമിയിൽ ഞാനൊരു പ്രതിനിധിയെ നിയോഗിക്കാൻ പോവുകയാണെന്ന് ദൈവം മലക്കുകളെ അറിയിച്ചു. അവനെ (ആദമിനെ) മണ്ണിൽനിന്നും സൃഷ്ടിച്ച് രൂപം നൽകി. തന്റെ വകയായുള്ള ആത്മാവിനെ അവനിൽ ഊതുകയും ചെയ്തു. അവൻ ആദമിന് പേരുകളെല്ലാം പഠിപ്പിച്ചു. എന്നിട്ട് അവൻ ആദമിനെയും മലക്കുകളെയും പരീക്ഷണവിധേയമാക്കി. പരീക്ഷണത്തിൽ ആദം വിജയശ്രീലാളിതനായപ്പോൾ അല്ലാഹു മലക്കുകളോടു കൽപിച്ചു: ആദമിന് സാഷ്ടാംഗം പ്രണാമമർപ്പിക്കുവിൻ. സാത്താനൊഴികെ എല്ലാവരും അവനു മുമ്പിൽ പ്രണമിച്ചു.

മനുഷ്യ സൃഷ്ടിപ്പിന്റെ ആരംഭത്തെക്കുറിച്ച്, അനന്തരം നടന്ന പരീക്ഷണത്തെക്കുറിച്ച്, ആദമിന് മാലാഖമാർ അർപ്പിച്ച പ്രണാമത്തെ കുറിച്ച് എല്ലാം പലയിടങ്ങളിലായി നാം വിശുദ്ധ ഖുർആനിൽ വായിക്കുന്നു.

ഈ സൃഷ്ടികർമത്തിലാവട്ടെ, സാഷ്ടാംഗ വേളയിലാവട്ടെ ആദമിന്റെ ഇണയെക്കുറിച്ച ഒരു പരാമർശവും ഖുർആൻ നടത്തിക്കാണുന്നില്ല. ഖുർആൻ മുഴുവൻ വായിച്ചാലും ആദിമാതാവായ ഹവ്വക്ക് മാലാഖമാർ പ്രണാമമർപ്പിച്ചു എന്നു കണ്ടെത്താനൊട്ടു ആവുകയുമില്ല. ഉണ്ടെന്നു ആമിന വദൂദ് തെളിയിക്കട്ടെ.

ആദമിന്റെ സൃഷ്ടി നടന്ന് എത്ര കാലം കഴിഞ്ഞാണ് ഹവ്വയുടെ സൃഷ്ടി നടന്നതെന്ന് ഖുർആൻ സൂചിപ്പിക്കുന്നില്ല. കാലഗണന ഇവിടെ സാധ്യമല്ലെന്നു വരുന്നു. ഈ വിഷയകമായി ബൈബിൾ എന്തു പറയുന്നുവെന്ന് നമുക്ക് നോക്കാം:

ഉൽപത്തി പുസ്തകം രണ്ടാമധ്യായം 21,22 വാക്യങ്ങൾ ഇങ്ങനെ വായിക്കാം:

"പക്ഷേ മനുഷ്യന് പറ്റിയ ഒരു സഹായിയെ കണ്ടില്ല. അതുകൊണ്ട് കർത്താവായ ദൈവം മനുഷ്യനെ ഗാഢനിദ്രയിലാഴ്ത്തി ഉറങ്ങുമ്പോൾ അയാളുടെ വാരിയെല്ലുകളിൽ ഒന്നെടുത്ത് കർത്താവായ ദൈവം മനുഷ്യനിൽ നിന്നെടുത്ത വാരിയെല്ലിനെ സ്ത്രീയാക്കി".

"നിങ്ങളെ ഒരാത്മാവിൽനിന്ന്

സൃഷ്ടിക്കുകയും അതിൽ നിന്ന് തന്നെ അതിന്റെ ഇണയെ സൃഷ്ടിക്കുകയും അവർ ഇരുവരിൽനിന്നുമായി ധാരാളം പുരുഷന്മാരെയും സ്ത്രീകളെയും വ്യാപിപ്പിക്കുകയും ചെയ്തവനായ നിങ്ങളുടെ രക്ഷിതാവിനെ നിങ്ങൾ സൂക്ഷിക്കുവിൻ" (ഖുർആൻ 4:1).

ഈ സൂക്തം ബൈബിൾ വചനത്തോട് സർവാത്മനാ യോജിക്കുന്നു. ഇതിൽനിന്ന് നാമെത്തിച്ചേരുന്ന നിഗമനങ്ങൾ ഇവയാണ്: ഒന്ന്, സൃഷ്ടിപ്പിൽ ദൈവം ആദമിന് മുൻഗണന നൽകിയിരിക്കുന്നു. രണ്ട്, മാലാഖമാരെക്കൊണ്ട് സാഷ്ടാംഗം ചെയ്യിച്ചതിലൂടെ ആണിനു ശ്രേഷ്ഠത കൽപിച്ചിരിക്കുന്നു.

## പുരുഷന്മാർ സ്ത്രീകളുടെ കൈകാര്യ കർത്താക്കൾ

ഖുർആൻ *സൂറ അന്നിസാഅ്* 34-ാം സൂക്തം പറയുന്നു: "പുരുഷന്മാർ സ്ത്രീകളുടെ മേൽ നിയന്ത്രണാധികാരമുള്ളവരാകുന്നു. മനുഷ്യരിൽ ഒരു വിഭാഗത്തിന് മറ്റു വിഭാഗത്തേക്കാൾ അല്ലാഹു കൂടുതൽ ശ്രേഷ്ഠത നൽകിയത് കൊണ്ടും, (പുരുഷന്മാർ) അവരുടെ ധനം ചെലവഴിച്ചതുകൊണ്ടുമാണത്. അതിനാൽ നല്ലവരായ സ്ത്രീകൾ അനുസരണശീലമുള്ളവരും അല്ലാഹു സംരക്ഷിച്ച പ്രകാരം പുരുഷന്മാരുടെ അഭാവത്തിൽ (സംരക്ഷിക്കേണ്ടതെല്ലാം) സംരക്ഷിക്കുന്നവരുമാണ്."

ഒരു വിശദീകരണം ആവശ്യമില്ലാത്തവിധം സ്പഷ്ടമാണ് ഈ സൂക്തത്തിലെ പ്രതിപാദ്യം.

സ്ത്രീകളുടെ മേലാധികാരവും മേൽനോട്ടവും പുരുഷന്മാരെ ഏൽപിച്ചിരിക്കുന്നു. പ്രകൃത്യാ തന്നെ ഉള്ളതും സ്വാഭാവികമായുണ്ടാവുന്നതുമായ ഓരോ കാരണങ്ങളും അല്ലാഹു ഇതിലൂടെ ചൂണ്ടിക്കാട്ടുന്നു. ഒന്ന്, പുരുഷന്മാർക്ക് സ്ത്രീകളുടെ മേൽ ശ്രേഷ്ഠതയുണ്ട്; അതായത് ശാരീരികവും മാനസികവുമായ ഔന്നത്യം. സ്ത്രീകളിൽനിന്ന് പ്രവാചകന്മാരെ നിയോഗിക്കാതിരുന്നതിനു കാരണവും ഇതുതന്നെ. രണ്ട്, പുരുഷന്മാർ സ്ത്രീകൾക്കായി ധനം ചെലവഴിക്കുന്നു. ഇതും പുരുഷന്മാർക്ക് സ്ത്രീകളുടെ മേൽ നേതൃത്വത്തിനു അർഹത നൽകുന്നു.

## മൂസായുടെ മാതാവിനു നൽകിയ ബോധനം

സ്ത്രീകൾക്കും അല്ലാഹു ബോധനം നൽകിയിരിക്കുന്നുവെന്നാണ് ആമിന വദൂദിന്റെ കണ്ടെത്തൽ. അതിനു തെളിവായി അവർ ഖുർആനിലെ 28-ാം അധ്യായം ഏഴാം വാക്യം എഴുന്നള്ളിക്കുകയും ചെയ്യുന്നു.

"മൂസായുടെ മാതാവിന് നാം ബോധനം നൽകി. അവന് നീ മുലകൊടുത്തുകൊള്ളുക. ഇനി അവന്റെ കാര്യത്തിൽ നിനക്ക് ഭയം തോന്നുകയാണെങ്കിൽ അവനെ നീ നദിയിൽ ഇട്ടേക്കുക."

"നിന്റെ നാഥൻ തേനീച്ചക്ക് ഇപ്രകാരം ബോധനം നൽകിയിരിക്കുന്നു. മലകളിലും മരങ്ങളിലും മനുഷ്യർ കെട്ടിയുയർത്തുന്നവയിലും നീ പാർപ്പിടങ്ങളുണ്ടാക്കിക്കൊള്ളുക" (16:68).

"ഓരോ ആകാശത്തിനും അതിന്റെ കാര്യം അവൻ ബോധനം നൽകുകയും ചെയ്തു" (14:12).

ഇതിൽ മൂസായുടെ മാതാവിനു നൽകിയ ബോധനം ഏത് ഗണത്തിൽ നാമുൾപ്പെടുത്തണം? മൂസായുടെ മാതാവിനു ബോധനം നൽകി എന്നതുകൊണ്ട് ദൈവം അവരെ പ്രവാചകയാക്കി എന്നർഥം നൽകാമോ? അങ്ങനെ ഒരർഥകൽപനയാണുള്ളതെങ്കിൽ തേനീച്ചയെയും ആകാശത്തെയും പ്രവാചകരാക്കി എന്നു പറയേണ്ടിവരും.

ഏകദൈവ വിശ്വാസത്തിലേക്ക് ജനങ്ങളെ ക്ഷണിക്കാൻ നിയുക്തരായ പ്രവാചകന്മാരെല്ലാം പുരുഷന്മാർ തന്നെ ആയിരുന്നു. ഒരു സ്ത്രീയെ പ്രവാചകയായി എവിടെയെങ്കിലും നിയോഗിച്ചതായി നമുക്ക് കണ്ടെത്തുക സാധ്യമല്ല.

## സ്ത്രീ ഭരണാധികാരി-ശേബാ രാജ്ഞി

ഇസ്‌ലാം ഒരിക്കലും ഒരു സ്ത്രീ ഭരണാധികാരിയാവുന്നതിനെ വിലക്കുന്നില്ലെന്നു സ്ഥാപിക്കാൻ സുലൈമാൻ-ബൽക്കീസ് കഥനം എടുത്തുദ്ധരിച്ചുകൊണ്ട് ആമിനാ വദൂദ് വല്ലാതെ പാടുപെടുന്നതായി കാണുന്നു.

യമനിലെ സബഇലെ രാജ്ഞിയായിരുന്നു ബൽക്കീസ്. അവരും അവരുടെ ജനതയും സൂര്യാരാധകരായിരുന്നു. ഇവരെ പറ്റി മരംകൊത്തിയിലൂടെ അറിയാനിടയായ സുലൈമാൻ നബി അവരെ ഇസ്‌ലാമിലേക്ക് ക്ഷണിക്കുന്നു. അവർ യറുശലേമിലെ സുലൈമാൻ നബിയുടെ ആസ്ഥാനത്തെത്തി ഇസ്‌ലാം സ്വീകരിക്കുകയാണുണ്ടായത്. ഈ ചരിത്ര കഥ വളരെ വിശദമായിത്തന്നെ ഖുർആൻ വരച്ചുകാണിക്കുന്നുണ്ട്. "ഞാനിതാ സുലൈമാനോടൊപ്പം ലോക രക്ഷിതാവായ അല്ലാഹുവിനു കീഴ്പ്പെട്ടിരിക്കുന്നു" (27:44) ഇത്രയും പറഞ്ഞ് ഖുർആൻ ഈ കഥനം അവസാനിപ്പിക്കുന്നു.

ഇതിൽ പിന്നീട് ഖുർആൻ അവരുടെ ചരിത്രത്തിലേക്ക് വെളിച്ചം വീശുന്ന പരാമർശങ്ങളൊന്നും നടത്തുന്നുമില്ല. അവർ സുലൈമാനെ വിവാഹം കഴിച്ച് യറുശലേമിൽ സ്ഥിരതാമസമാക്കിയോ അതല്ല സബഇലേക്ക് തിരിച്ചുപോയി രാജഭരണം തുടർന്നുവോ സുലൈമാന്റെ ആധിപത്യം സ്വീകരിച്ച് രാജ്യഭാരം കൈയൊഴിച്ചുവോ എന്നൊന്നും നമുക്കറിഞ്ഞുകൂടാ.

പെൺവായനയിൽ എവിടെനിന്നാണ് അവർ രാജ്ഞിയായി ഭരണം തുടർന്നു നടത്തിക്കൊണ്ടുപോയി എന്ന് ലഭിക്കുന്നത്! ആമിനാ വദൂദ് എഴുതാപ്പുറം വായിക്കുന്നതെന്തിന്?

## നാലു സ്ത്രീകളുടെ ഉപമ

ഖുർആനിൽ സൂചിപ്പിച്ച എല്ലാ സ്ത്രീകളെയും നമുക്ക് മാതൃകകളാക്കി എടുക്കാനാവുമോ? എങ്കിൽ യൂസുഫ് ചരിത്രത്തിൽ പരാമർശിച്ച സുലൈഖായും അബൂലഹ്ബിന്റെ ഭാര്യയും മറ്റും നമുക്ക് മാതൃകയാവേണ്ടതല്ലേ?

66-ാം അധ്യായം 10,11,12 സൂക്തങ്ങളിൽ നാല് സ്ത്രീകളെ ഉപമിക്കുന്നുണ്ട്. രണ്ടു പേർ സത്യനിഷേധികൾക്ക് ഉദാഹരണമായി. നൂഹിന്റെയും ലൂത്വിന്റെയും വിശ്വാസം കൈക്കൊള്ളാത്ത പത്നിമാരായിരുന്നു അവർ.

സത്യവിശ്വാസികൾക്ക് ഉദാഹരണമായി മറ്റു രണ്ട് സ്ത്രീകളെയും ഖുർആൻ അവതരിപ്പിക്കുന്നു. ഒന്ന് ഫിർഔന്റെ ഭാര്യ; മറ്റേത് യേശുവിന്റെ മാതാവ് മർയം.

മൂസായുടെ മാതാവിനെയും ബൽക്കീസിനെയും ഇവിടെ എന്തിനാണ് ഉദാഹരിക്കുന്നത് എന്ന് എത്ര ചിന്തിച്ചിട്ടും പിടികിട്ടുന്നില്ല. പ്രവാചകന്മാരും അല്ലാത്തവരുമായ ഒട്ടനേകം പുരുഷന്മാരുടെ പേരുകൾ ഖുർആൻ അടിക്കടി എടുത്തു പറയുമ്പോൾ ഒരൊറ്റ സ്ത്രീയുടെ പേര് മാത്രമേ പറയുന്നുള്ളൂ. ആ സ്ത്രീ മർയം മാത്രമാകുന്നു എന്ന് മനസ്സിലാക്കുക.

## ലിംഗനിർണയം പുരുഷന്റെ കുത്തക

സന്താനങ്ങളുടെ ലിംഗ നിർണയത്തിൽ ആണിന്നാണ് അല്ലാഹു മേൽക്കോയ്മ നൽകിയിട്ടുള്ളതെന്ന് കാണാവുന്നതാണ്. ഏതാനും സൂക്തങ്ങൾ നമുക്ക് പരിചയപ്പെടാം.

"പിന്നെ അവന്റെ സന്തതിയെ നിസ്സാരമായ ഒരു വെള്ളത്തിന്റെ സത്തിൽനിന്ന് അവൻ ഉണ്ടാക്കി" (32:8).

"അവൻ സ്രവിക്കപ്പെടുന്ന ശുക്ല

ത്തിൽനിന്നുള്ള ഒരു കണമായിരുന്നില്ലേ?" (75:37).

"തെറിച്ചു വീഴുന്ന ദ്രാവകത്തിൽനിന്നത്രെ അവൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്!" (86:6).

ഇവിടെയെല്ലാം പുരുഷ ബീജങ്ങളെയാണ് ഖുർആൻ പരാമർശവിധേയമാക്കിയിട്ടുള്ളതെന്ന് കാണാൻ പ്രയാസമില്ല. ആധുനിക ശാസ്ത്ര നിഗമനം കൂടി ഇതോട് ചേർത്തു വായിക്കുന്നത് നന്നായിരിക്കും.

എല്ലാ മനുഷ്യരിലും 23 ജോഡി ക്രോമസോമുകളാണുള്ളത്. അതിൽ ഒരു ജോഡി ലൈംഗിക ക്രോമസോമുകളാണ്. പുരുഷന്മാരിൽ ഇത് 'എക്സും' 'വൈയു'മാകുന്നു. സ്ത്രീകളിൽ രണ്ടും 'എക്സ്' ക്രോമസോമുകളാണ്. പുരുഷനിലെ 'വൈ' ക്രോമസോമും സ്ത്രീയിലെ 'എക്സ്' ക്രോമസോമും മേളിച്ചാൽ സന്തതി ആണായിരിക്കും. പുരുഷനിലെ എക്സും സ്ത്രീയിലെ എക്സും സംഗമിക്കുമ്പോൾ സന്തതി പെണ്ണായിരിക്കും. ഇത് അല്ലാഹുവിന്റെ ഇഛക്കനുസരിച്ച് സംഭവിക്കുന്നതാകുന്നു. ആൺ ക്രോമസോമുകളാണ് ലിംഗനിർണയം സാധിക്കുന്നത്. ആമിനാ വദൂദിനും ഇത് അറിയാതെ പോവാനിടയില്ല.

ചുരുക്കത്തിൽ ഖുർആൻ ആണിനെയും പെണ്ണിനെയും ഇരുത്തേണ്ടിടത്ത് തന്നെ ഇരുത്തിയിരിക്കുന്നു. ആൺ ആൺ തന്നെ; പെണ്ണ് പെണ്ണും. സ്ത്രീ പുരുഷന്റെ സ്ഥാനം കൈയടക്കാൻ ശ്രമിക്കുന്നതും പുരുഷൻ സ്ത്രീയുടെ സ്ഥാനത്തിരിക്കാൻ ശ്രമിക്കുന്നതും അനഭിലഷണീയമാകുന്നു.

താഴെ സൂക്തത്തോട് ആമിനാ വദൂദിനും വിയോജിപ്പുണ്ടാവില്ല.

"ആരെങ്കിലും ഒരു തിന്മ പ്രവർത്തിച്ചാൽ തത്തുല്യമായ പ്രതിഫലമേ അവനു നൽകപ്പെടുകയുള്ളൂ. സത്യവിശ്വാസി ആയിക്കൊണ്ട് സൽക്കർമം പ്രവർത്തിക്കുന്നവരാരോ പുരുഷനോ സ്ത്രീയോ ആവട്ടെ അവർ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്. കണക്ക് നോക്കാതെ അവർക്കവിടെ ഉപജീവനം നൽകപ്പെട്ടുക്കൊണ്ടിരിക്കും" (40:40).

മുകളിൽ പരാമർശവിധേയമാക്കിയ കാര്യങ്ങളെല്ലാം പൂർണമായും ഖുർആന്റെ പരിധിക്കകത്ത് നിൽക്കുന്നു എന്നെനിക്ക് ഉറപ്പുണ്ട്. ആമിനാ വദൂദിന്റെ 'ഖുർആൻ ഒരു പെൺ വായന' എന്ന പുസ്തകത്തിന് അനർഹമായ പ്രചാരം നൽകുന്നവരുടെ മനസ്സിലിരിപ്പ് ചിന്തിക്കാവുന്നതേയുള്ളൂ. ■